**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2077** **12-09-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ സ്പോർട്സ് വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സ്പോർട്സ് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വിശദാംശം അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ? | (ബി) | വിശദാംശം അനുബന്ധം - 1 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

എ) & ബി) പിരിവ് അനുബന്ധം - 1

| ക്രമ നം | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതി |
|---|---|---|
| 1 | മാവേലിക്കര ഗ്രാമപഞ്ചായത്തിൽ - സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | ആലപ്പുഴ ജില്ലയിലെ തെക്കേക്കര ഗ്രാമപഞ്ചായത്ത്, മാവേലിക്കര, സ്പോർട്സ് ഫിറ്റ്നസ് സെന്റർ ഇന്റീരിയർ പ്രവൃത്തികൾക്കായി മാവേലിക്കര ഫിറ്റ്നസ് സെന്റർ ഉൾപ്പടെ 5 ഫിറ്റനസ് സെന്ററുകൾക്കായി 2,80,21,700/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും സാങ്കേതികാനുമതി നല്കുകയും ടെൻഡർ നടപടി സ്വീകരിക്കുകയും ശ്രീ. എൻ വിജയൻ കരാറിൽ ഏർപ്പെടുകയും ചെയ്തു. സിവിൽ & ഇലക്ട്രിക് പ്രവൃത്തികൾക്ക് 4 മാസമായിരുന്നു പൂർത്തീകരണ കാലാവധി.<br>• നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br>• കൂടാതെ പ്രസ്തുത സെന്ററിലേയ്ക്കാവശ്യമായ ഫിറ്റ്നസ് ഉപകരണങ്ങൾക്കായി 65,06,000/- രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും സാങ്കേതികാനുമതി നല്കി ടെൻഡർ നടപടികൾ സ്വീകരിച്ച് കരാറുകാരൻ കരാറിൽ ഏർപ്പെടുകയും നിലവിൽ പ്രവൃത്തി 98% പൂർത്തീകരിക്കുകയും ചെയ്തു.<br>• ബ്രാന്റിംഗിന്റെയും സൈൻ ബോർഡിന്റെയും പ്രവൃത്തിയുടെ നടപടികൾ പുരോഗമി ക്കുന്നു. |
| 2 | താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ട്, ആലപ്പുഴ | 2019 - 20 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതിയും ലഭിക്കുകയും 4.77 കോടി രൂപയുടെ സാങ്കേതികാനുമതിയും നല്കുകയും ചെയ്തു. തുടർന്ന് ടെൻഡർ നപടികൾ സ്വീകരിക്കുകയും ബി & ഐ കൺസ്ട്രക്ഷന് ടി പ്രവൃത്തിയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു.<br>10 മാസമാണ് പൂർത്തീകരണ കാലവാധി.<br>90 m x 55 m വിസ്തീർണ്ണമുള്ള നാചറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, ചുറ്റുമതിൽ, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. |

Scanned with CamScanner

| | | |
|---|---|---|
| | | • ചുറ്റുമതിലിന്റെയും, സൈഡ് ഡ്രെയിന്റെയും, സംമ്പിന്റെ കോൺക്രീറ്റിംഗും പ്ലാസ്റ്ററിംഗും പ്രവൃത്തികൾ പൂർത്തീകരിച്ചു. സൈഡ് ഗ്യാലറിയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>• 49% പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | തഴക്കര ഗ്രാമ പഞ്ചായത്ത് 7 & 8 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന പഴഞ്ചിറ കുളം നീന്തൽ പരിശീലന കേന്ദ്രം | 2022 - 2023 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തു പണികളുടെ വിശദ വിവരങ്ങൾ - വാല്യം II - ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ-ക്രമ നമ്പർ 90 ആയി വ്യവസായ വകുപ്പിന് ഉൾപ്പെടുത്തിയിരുന്ന അപ്പാരൽ പാർക്ക്, മാവേലിക്കര എന്ന പദ്ധതിക്ക് പകരമായി 10 കോടി രൂപ അടങ്കൽ തുകയിലും 20% ബഡ്ജറ്റ് വിഹിതത്തിലുമായി 5 പദ്ധതികൾ പുതുതായി ഉൾപ്പെടുത്തി 05/08/2022 തീയതിയിലെ സ.ഉ.(സാധാ) നം. 5578/2022/ധന പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തഴക്കര ഗ്രാമപഞ്ചായത്ത് 7 & 8 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന പഴഞ്ചിറകുളം നീന്തൽ പരിശീലന കേന്ദ്രം എന്ന പ്രവൃത്തിയ്ക്ക് 1 കോടി രൂപ അടങ്കൽ തുകയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 19.10.2022 തീയതിയിലെ സ.ഉ.(സാധാ) നം. 7032/2022/ധന പ്രകാരം ടി പ്രവൃത്തി നിർവ്വഹണത്തിനായി കായിക വകുപ്പിനെ ചുമതലപ്പെടുത്തിയും ബഡ്ജറ്റ് വിഹിതം വകുപ്പിന് കൈമാറിക്കൊണ്ടും സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.<br>• ഭരണാനുമതി ലഭിച്ചത് പ്രകാരം സാങ്കേതിക അനുമതി നല്കി ടെൻഡർ നടപടികൾ സ്വീകരിക്കുകയും കരാറുകാരൻ 78.57 ലക്ഷം രൂപയ്ക്ക് കരാറിലേർപ്പെടുകും ചെയ്തു.<br>• ആദ്യഘട്ടത്തിൽ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികളിൽ ഭേദഗതികൾ ആവശ്യമായി വരികയും ചെയ്തു. ആയതിലേയ്ക്കുള്ള റിവൈസ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

Scanned with CamScanner

| | | |
|---|---|---|
| | ചുനക്കര സ്റ്റേഡിയം, മാവേലിക്കര | 2023 – 2024 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്തു പണികളുടെ വിശദ വിവരങ്ങൾ - വാല്യം II - ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ-ക്രമ നമ്പർ 2457 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 5. | തഴക്കര ഗ്രാമപഞ്ചാത്ത് ഇറവൻകര ഗ്രൗണ്ട് | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് സർക്കാരിൽ നിന്നും ജി.ഒ(ആർ.റ്റി) നം. 239/2022/കാ.യു.വ തീയതി 30.09.2022 പ്രകാരം അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ 31.01.2023 ലെ സ.ഉ(സാധാ) നം. 42/2023/കാ.യു.വ പ്രകാരം ടി ലിസ്റ്റിന് ഭേദഗതി വരുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ലിസ്റ്റിൽ ക്രമ നം. 27 ആയി തഴക്കര ഗ്രാമപഞ്ചാത്ത് ഇറവൻകര ഗ്രൗണ്ട് ഉൾപ്പെട്ടിട്ടുണ്ട്.<br>• പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

Scanned with CamScanner